**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3159** **01-03-2023 - ൽ മറുപടിയ്ക്ക്**

**എയർ സ്ട്രിപ്പുകളുടെ ശൃംഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിൽ എയർ സ്ട്രിപ്പുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23 ലെ ബഡ്ജറ്റിൽ ഖണ്ഡിക 258 പ്രകാരം എയർ സ്ട്രിപ്പ് ശൃംഖല കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതൊക്കെ പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന്റെ നടത്തിപ്പ് നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ; | (ബി) | ആദ്യഘട്ടത്തിൽ കാസറഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്യിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഇതിനായുള്ള നടപടികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ആദ്യഘട്ടത്തിൽ കാസറഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്യിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നത് സംബന്ധിച്ച ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | ഗതാഗത വകുപ്പിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല |
| (ഇ) | പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ എത്ര | (ഇ) | ടി പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ